“ഭരണഭാഷ മാതൃഭാഷ”

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

**സ ഉ (കൈ) നം. 24/2022/SCSTDD** **തീയതി, തിരുവനന്തപുരം, 20.05.2022**

---

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ചെയർമാൻ
   എം.എൽ.എ
2. കൺവീനർ
   പട്ടികജാതി വികസന ഓഫീസർ (ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ).
3. അംഗങ്ങൾ

1. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ.
2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ.
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ.
4. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ.
5. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രണബ്ജ്യോതി ഐ എ എസ്**
**സെക്രട്ടറി**

ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ (പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ മുഖാന്തിരം)

അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ (പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ മുഖാന്തിരം)

പൊതുഭരണ (എസ്.സി) വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി എം) വകുപ്പ്

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പി.എസ്സ്. ന്.

2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-05-2022

ഫയൽ നം. ബി2/84/2022/പ.ജ.പ.വ.വി.വ. ഇനം നം: 731

വിഷയം : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി2/84/2022/പ.ജ.പ.വ.വി.വ. |
| 2 | വകുപ്പ് | പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ് |
| 3 | വിഷയം | പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.05.2022 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അല്ല<br><br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | സ്വപ്ന.എം |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. പ്രണബ് ജ്യോതി നാഥ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.05.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രി സഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.05.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാധാകൃഷ്ണൻ. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.05.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16.05.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | 18.05.2022 |
| 16 | തീരുമാനം പുറപ്പെടുവിച്ച് സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | സ.ഉ(കൈ)നം.24/2022/പജപവവിവ തീയതി 20/05/2022 |

# മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായുള്ള സർക്കാർ പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിനായി നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

2. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ താഴെ പറയുന്നവരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി നിർദേശിച്ചിരുന്നു

മോണിറ്ററിംഗ് കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു

ചെയർമാൻ

എം.എൽ.എ

കൺവീനർ

പട്ടികജാതി വികസന ഓഫീസർ(ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ)

അംഗങ്ങൾ

1. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ,സെക്രട്ടറിമാർ
2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ
4. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ
5. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ

3. മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനമെടുക്കേണ്ട വിഷയം</u>

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുമതി നൽകാമോ?

<u>ചെയർമാൻ</u>

എം.എൽ.എ

<u>കൺവീനർ</u>

പട്ടികജാതി വികസന ഓഫീസർ(ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ)

<u>അംഗങ്ങൾ</u>

1. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ,സെക്രട്ടറിമാർ
2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ
4. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ
5. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ